സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (ESCOT) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധ ക്ലാസുകൾ സംഘടിപ്പിക്കുകയും, ഭാഗികമായ ഊർജ്ജനഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ ഐസ് പ്ലാന്റുകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ്

30 (415) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ് എത്ര;

(ബി) പദ്ധതിയുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി ഏതാണ്; ഇന്നത്തെ നിലയിൽ പദ്ധതിയുടെ പൂർണ്ണതോതിലുള്ള നിർമ്മാണ പ്രവൃത്തി ഏത് തീയതിയിൽ പൂർത്തീകരിക്കാൻ സാധ്യമാകും;

(സി) പദ്ധതിയ്ക്കുവേണ്ടി സർക്കാർ ഖജനാവിൽ നിന്നും പിന്നിട്ട വർഷങ്ങളിൽ ഓരോ വർഷവും ചെലവായ തുക എത്ര; ഈ പദ്ധതി പൂർത്തിയാക്കുന്നതിന് ഖജനാവിൽ നിന്നും ഇനിയും എത്ര തുക ചെലവഴിക്കേണ്ടതായിട്ടുണ്ട്;

(ഡി) പദ്ധതിയ്ക്ക് വേണ്ടി ഏതെല്ലാം ഏജൻസികളിൽ നിന്ന് എത്ര കോടി രൂപ വീതം വായ്പ എടുത്തിട്ടുണ്ട്; അതിന്റെ തിരിച്ചടവ് നടത്തുന്നത് ഏത് തീയതി മുതലാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ് 5181.79 കോടി രൂപയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിൽ ആണ് ആലുവ മുതൽ പേട്ട വരെയുള്ള 25.612 കി.മീ. ദൈർഘ്യമുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതി കമ്മിഷൻ ചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യഘട്ടമായ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) 18 കി.മീ. പൂർണ്ണസജ്ജമായി 2016 നവംബർ 1-ന് ട്രെയിൻ സർവീസ് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതിക്കുവേണ്ടി ഓരോ വർഷവും ചെലവായ തുക ചുവടെ ചേർക്കുന്നു:

2012-13 - 314.25 കോടി രൂപ

2013-14 - 234 കോടി രൂപ

2014-15 - 247 കോടി രൂപ

2015-16 - 150 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പൂർത്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ 597.81 കോടി രൂപ കൂടി അനുവദിക്കേണ്ടതുണ്ട്. കൂടാതെ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ തയ്യാറെടുപ്പ് പ്രവൃത്തികൾക്കായി നാളിതുവരെ 215.13 കോടി രൂപ ചെലവായിട്ടുണ്ട്. 112.28 കോടി രൂപകൂടി ഈയിനത്തിൽ നല്കേണ്ടതായിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോ റെയിൽ പദ്ധതിക്കുവേണ്ടി ദീർഘകാല വായ്പയായി 180 മില്യൺ യൂറോ എ.എഫ്.ഡി.-യിൽ (AFD) നിന്നും 1170 കോടി രൂപ കാനറാ ബാങ്കിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ, സ്ഥലമെടുപ്പിനായി 470 കോടി രൂപ (വൈറ്റില-പേട്ട റോഡ് വികസിപ്പിക്കുന്ന തയ്യാറെടുപ്പ് ജോലിയുടെ സ്ഥലമെടുപ്പിന് ഉൾപ്പെടെ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽനിന്നും ലോൺ എടുക്കുകയുണ്ടായി. ഈ ലോണിന്റെ തിരിച്ചടവ് സംസ്ഥാന സർക്കാരാണ് നടത്തേണ്ടത്. ഇതിലോരോന്നിന്റെയും തിരിച്ചടവ് തുടങ്ങുന്ന തീയതി താഴെപ്പറയുന്നു:

എ.എഫ്.ഡി. (AFD) - 15-9-2019

കാനറാ ബാങ്ക് - 2020-21 സാമ്പത്തിക വർഷം

എറണാകുളം ജില്ലാ സഹകരണ ബാങ്ക് (EDCB) - 2017-18 സാമ്പത്തിക വർഷം

വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി

31 (416) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയുടെ വിശദാംശങ്ങളും പുരോഗതിയും വ്യക്തമാക്കുമോ;

(ബി) മേൽസൂചിപ്പിച്ച പദ്ധതി പ്രകാരം ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് ചെലവഴിക്കപ്പെടുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വൈക്കം നിയോജകമണ്ഡലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി പ്രകാരം വൈക്കം നിയോജകമണ്ഡലത്തിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly